"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് - സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന പ്രോഗ്രാമുകൾക്ക് ഔദ്യോഗിക യാത്രകൾ നടത്തേണ്ടി വരുന്ന കരാർ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.287/2024/CLAD തീയതി,തിരുവനന്തപുരം, 05-06-2024

---

പരാമർശം:- കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 15.05.2023-ലെ 1619/ഇ3/2022/എസ്.ഐ.ഇ. പി നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ടിനു ജില്ലകളിൽ ആഫീസ് ഇല്ലാത്ത സാഹചര്യത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന പ്രോഗ്രാമുകൾക്ക് നിയോഗിക്കപ്പെടുന്ന കരാർ ജീവനക്കാർക്ക് അർഹിക്കുന്ന യാത്രാപ്പടി നൽകുന്നതിന് അനുമതി നൽകണമെന്ന് കേരള സംസ്ഥാന സർവവിജ്ഞാനകോശം ഡയറക്ടർ പരാമർശം കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് സംഘടിപ്പിക്കുന്ന വിവിധ പ്രോഗ്രാമുകൾക്ക് കരാർ ജീവനക്കാർക്ക് ഓദ്യോഗിക യാത്രകൾ നടത്തേണ്ടി വരുന്നതിനാൽ താഴെ പറയും പ്രകാരം ഗ്രേഡ് നിശ്ചയിച്ച് യാത്രാബത്ത അനുവദിക്കുന്നതിന് കേരള സംസ്ഥാന സർവവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | തസ്തിക | കരാർ വേതനം | യാത്രാബത്ത അനുവദിക്കുന്നതിനുള്ള ഗ്രേഡ് |
|---|---|---|---|
| 1. | എഡിറ്റോറിയൽ അസിസ്റ്റന്റ് | 32,560/- | Grade III |
| 2. | പ്രൂഫ് റീഡർ | 28,100/- | Grade IV |
| 3. | ഡി റ്റി പി ഓപ്പറേറ്റർ | 22,290/- | Grade IV |
| 4. | എൽ. ഡി ക്ലാർക്ക് | 21,175/- | Grade IV |
| 5. | ഡ്രൈവർ | 20,065/- | Grade IV |
| 6. | ഓഫീസ് അറ്റൻഡന്റ് | 18,390/- | Grade IV |

3. സ്വീപ്പർ-കം-സ്കാവഞ്ചർ തസ്തികയിലെ ജീവനക്കാർക്ക് ഓദ്യോഗിക യാത്രകൾ നടത്തേണ്ട സാഹചര്യമില്ല എന്നതിനാൽ പ്രസ്തുത തസ്തികയ്ക്ക് ഗ്രേഡ് നിശ്ചയിക്കുന്നതല്ല.

4. കരാർ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണ്.

(i) KSR Part I റൂൾ 8- ന്റെ അടിസ്ഥാനത്തിലുള്ള Appendix Model form of Agreement അനുസരിച്ചുള്ള കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ യാത്രാബത്ത അനുവദിക്കാൻ പാടുള്ളൂ.

(ii) കെ.എസ്.ആർ. ഭാഗം. II ചട്ടങ്ങൾ പൂർണ്ണമായും പാലിച്ചു കൊണ്ടായിരിക്കണം യാത്രാബത്ത അനുവദിക്കേണ്ടത്.

(iii) യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ കരാർ ജീവനക്കാർക്കും ബാധകമായിരിക്കും .

(iv) സർക്കാർ നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ ( TA Ceiling limit) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നൽകാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ് , തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകുപ്പ് ( 26.05.2024-ലെ E 2529596 EDN-C3/220/2023-FIN നമ്പർ പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (C1/124/2023-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Bijeesh B Gopan
Date: 05-06-2024 15:48:04

സെക്ഷൻ ഓഫീസർ

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി .എസ്സ്. ന്